150 YEARS OF CELEBRATING THE MAHATMA

തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

നം. 947/എ1/2018/അഡ്മിൻ. 22.12.2020

## ടെണ്ടർ നോട്ടീസ്

### തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല – യു.പി.എസ്. ബാറ്ററി ബൈ ബാക്ക് പോളിസിയിൽ വിതരണം ചെയ്ത് സ്ഥാപിച്ചു നൽകുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിലെ ഭരണവിഭാഗം ഓഫീസുകളിലെ യു.പി.എസിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 6 വർഷം പഴക്കമുള്ള 20 എണ്ണം 80 AH ബാറ്ററികൾ തിരിച്ചെടുത്ത് 20 എണ്ണം 100 AH വെറ്റ് ടൈപ്പ് ടാബുലാർ ബാറ്ററികൾ ഘടിപ്പിച്ച് യു.പി.എസ്. പ്രവർത്തനക്ഷമമാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ അംഗീകൃത വിതരണക്കാരിൽ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

**നിബന്ധനകൾ**

1. നികുതി, ട്രാൻസ്പോർട്ടേഷൻ, ഇൻസ്റ്റലേഷൻ എന്നിവയടക്കമുള്ള വിലയാണ് ക്വാട്ടു ചെയ്യേണ്ടത്. തിരിച്ചെടുക്കുന്ന ബാറ്ററികളുടെ വില പ്രത്യേകം കാണിക്കുകയും അത് കുറച്ചതിനു ശേഷം സ്ഥാപനത്തിന് ലഭിക്കേണ്ട വിലയായിരിക്കണം നികുതിയടക്കം കാണിക്കേണ്ടത്.
2. ബാറ്ററിയുടെ ബ്രാൻഡ്, വാറണ്ടി കാലാവധി എന്നിവ കാണിച്ചിരിക്കണം. ഏറ്റവും കുറഞ്ഞത് രണ്ട് വർഷത്തെ ഓൺസൈറ്റ് വാറണ്ടി ഉണ്ടായിരിക്കണം.
3. ഒരു ബ്രാന്റ് മാത്രമേ ഒരു ടെണ്ടറിൽ ക്വാട്ടു ചെയ്യാൻ പാടുള്ളൂ.
4. ബാറ്ററിയുടെ സർവീസുകൾ പരാതി ലഭിച്ച് 24 മണിക്കൂറിനുള്ളിൽ പരിഹരിച്ചിരിക്കണം.
5. ബാറ്ററി ഉല്പാദകരിൽ നിന്നുള്ള ഡീലർഷിപ്പ് സർട്ടിഫിക്കറ്റ് ടെണ്ടറിനൊപ്പം ഹാജരാക്കണം.
6. ബാറ്ററിയുടെ പ്രവർത്തനം മോശമെങ്കിൽ അവ എത്രയും പെട്ടെന്ന് മാറ്റി പകരം പുതിയ ബാറ്ററികൾ വിതരണം ചെയ്യേണ്ടതാണ്. അത്തരം അവസരത്തിൽ ബാറ്ററിയുടെ വാറണ്ടി ബാറ്ററി മാറ്റിയ ദിവസം മുതലായിരിക്കും കണക്കാക്കുക.
7. ടെണ്ടറുകൾക്ക് ഒരു വർഷത്തെ കാലാവധി ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ ക്വാട്ടു ചെയ്യുന്ന നിരക്കുകൾ ഒരു വർഷത്തേയ്ക്ക് ബാധകമായിരിക്കുന്നതാണ്.

*(തുടർച്ച .........2)*

8. ബാറ്ററികൾ വിതരണം ചെയ്ത് ഘടിപ്പിച്ച് യു.പി.എസിന്റെ പ്രവർത്തനം പരിശോധിച്ച് തൃപ്തികര മായതിന്റെ ശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ.

9. കാരണമൊന്നും കാണിക്കാതെ തന്നെ ടെണ്ടറുകൾ നിരസിക്കുന്നതിനുള്ള അധികാരം വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

മേൽ കാണിച്ച നിബന്ധനകൾ പാലിച്ചുകൊണ്ട് ബാറ്ററികൾ വിതരണം ചെയ്തുകൊള്ളാമെന്നുള്ള സത്യപ്രസ്താവന ടെണ്ടറിനൊപ്പം വെച്ചിരിക്കണം. സർവകലാശാലയുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായി വിലയുടെ 2.5% തുക നിരതദ്രവ്യമായി ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കേണ്ടതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ആയത് തെളിയിക്കാനുള്ള രേഖകൾ ടെണ്ടറിനോടൊപ്പം വയ്ക്കേണ്ടതാണ്.

വില രേഖപ്പെടുത്തിയ മുദ്ര വച്ച ടെണ്ടറുകൾ **31.12.2020 ന് ഉച്ചയ്ക്ക് 2 മണിക്ക്** മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. **"മലയാളസർവകലാശാല - യു.പി.എസ്. ബാറ്ററി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ"** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും നിബന്ധനകൾ പാലിക്കാമെന്ന് സാക്ഷ്യപ്പെടുത്തിയ ഏറ്റവും കുറവ് സംഖ്യ ക്വാട്ടു ചെയ്ത സ്ഥാപനത്തിന് ബാറ്ററികൾ വിതരണം ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതുമാണ്.

ടെണ്ടർ അനുവദിച്ചു കിട്ടിയ സ്ഥാപനം **13.01.2021 ന് മുമ്പായി** ബാറ്ററികൾ വിതരണം ചെയ്ത് യു.പി.എസിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

**വൈകി ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.**

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

ഡോ. ഷൈജൻ ഡി.
രജിസ്ട്രാർ

വി.സി. കാര്യാലയം/മലയാളസർവകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/
മലയാളസർവകലാശാല വെബ്സൈറ്റ്/അക്കൗണ്ട്സ്/പി.ആർ.ഒ./എ.എ.ഒ./
എസ്റ്റേറ്റ് ഓഫീസർ/തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്